## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** **10-08-2023 - ൽ മറുപടിയ്ക്ക്**

## ചെമ്മീൻ കൃഷി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി ദെലീമ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഓരുജലം, തണ്ണീർത്തടങ്ങൾ, കായലുകൾ എന്നിവയിൽ ചെമ്മീൻ കൃഷി ചെയ്യുന്നതിന് നിലവിൽ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കേരളത്തിന്റെ തീരപ്രദേശങ്ങളിലുള്ള തണ്ണീർത്തടങ്ങളിലും ഓരുജല പ്രദേശങ്ങളിലും കായലുകളിലും ചെമ്മീൻ കൃഷി ചെയ്യുന്നതിന് പല തരത്തിലുള്ള പ്രാദേശികവും, സാമൂഹികവും, നിയമപരമായ പ്രശ്നങ്ങൾ നിലനിൽക്കുന്നു. ലവണാംശം ഉള്ള തണ്ണീർത്തടങ്ങളിലും ഓരു ജല പ്രദേശത്തും ചെമ്മീൻ കൃഷി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള കോസ്റ്റൽ അക്വാകൾച്ചർ അതോറിട്ടിയുടെ ലൈസൻസും കേരള ഇൻലാൻറ് ഫിഷറീസ് & അക്വാകൾച്ചർ ആക്ട് പ്രകാരമുള്ള ലൈസൻസും ആവശ്യമാണ്. രണ്ട് തരത്തിലുള്ള ചെമ്മീൻ കൃഷി രീതിയാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്<br><br>(1) മുഴുവൻ സമയ ശാസ്ത്രീയ ചെമ്മീൻ കൃഷിയും<br><br>(2) ഓരുജല നെൽപ്പാടങ്ങളിൽ നെൽകൃഷിയ്ക്ക് ശേഷം നടത്തുന്ന ഒരു നെല്ലും ഒരു ചെമ്മീൻ കൃഷിയും.<br><br>കേരളത്തിൽ പരമ്പരാഗത രീതിയിൽ ഉള്ള ഒരു നെല്ലും ഒരു ചെമ്മീൻകൃഷിയുംമാണ് കൂടുതൽ പ്രദേശങ്ങളിൽ നടത്തുന്നത്.<br><br>നെൽകൃഷിയ്ക്ക് അനുയോജ്യമല്ലാത്ത പ്രദേശങ്ങളിലാണ് മുഴുവൻ സമയ ശാസ്ത്രീയ ചെമ്മീൻ കൃഷി നടപ്പിലാക്കി വരുന്നത്. പരമ്പരാഗത രീതിയിലുള്ള ഒരു നെല്ലും ഒരു ചെമ്മീൻ കൃഷിയും നടത്തുന്നത് ഓരുജല നെൽ പാടങ്ങളിൽ നെൽ കൃഷി കഴിഞ്ഞ ശേഷമാണ്. ഇന്ന് ഓരു ജല പ്രദേശങ്ങളിൽ നെൽകൃഷി ലാഭകരമല്ലാത്തത് കൊണ്ട് വളരെ നാമമാത്രമായ പ്രദേശത്താണ് നെൽകൃഷി ചെയ്തു വരുന്നത്. ആയത് ചെമ്മീൻ കൃഷിയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തീരപ്രദേശങ്ങളിലെ ഭൂരിഭാഗം നെൽപ്പാടങ്ങളും തരിശ് കിടക്കുകയാണ്. നെൽകൃഷി ഇല്ലാതെ തരിശ് കിടക്കുന്ന പാടങ്ങളിൽ ചെമ്മീൻ കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിന് പ്രാദേശികവും സാമൂഹികവുമായിട്ടുള്ള എതിർപ്പ് മൂലവും, തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ചില തടസ്സങ്ങൾ കൊണ്ടും കഴിയുന്നില്ല. അതുപോലെ തന്നെ മുഴുവൻ സമയ ശാസ്ത്രീയ ചെമ്മീൻ കൃഷിയും മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് വ്യാപകമായി നടപ്പിലാക്കുവാൻ കഴിയുന്നില്ല. |
| (ബി) | ഒരു നെല്ലും ഒരു മീനും പദ്ധതി വിജയകരമായി നടത്തിയിരുന്ന പ്രദേശങ്ങളിൽ നിലവിലുള്ള രീതിയിൽ മത്സ്യകൃഷി നടത്തുവാൻ നിയമതടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | നിലവിൽ നിയമ തടസ്സങ്ങൾ ഇല്ല. എന്നാൽ ഒരു നെല്ലും ഒരു മീനും നടത്തിയിരുന്ന പാടശേഖരങ്ങളിൽ നെൽകൃഷി ലാഭകരമല്ലാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ നെൽകൃഷി നടത്തുവാൻ കർഷകർക്ക് താൽപര്യമില്ലാത്ത സ്ഥിതിവിശേഷമുണ്ട്. കർഷകർ നെൽകൃഷി നടത്താത്തതുകൊണ്ട് പല പ്രദേശങ്ങളിലും പാടശേഖരങ്ങൾ തരിശായി കിടക്കുകയും കർഷകത്തൊഴിലാളികളുടെയും ചെമ്മീൻ കൃഷിക്ക് എതിരെ പ്രവർത്തിക്കുന്ന ചില തൽപ്പര കക്ഷികളുടെയും ഇടപെടൽ മൂലം യഥാസമയം ചെമ്മീൻ കൃഷി നടത്തുവാൻ കഴിയുന്നില്ലെന്ന കാര്യം നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കുവാൻ ബഹു. ഫിഷറീസ്, കൃഷി വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും ഇത്തരം പാടശേഖരങ്ങൾ കണ്ടെത്താൻ കൃഷി വകുപ്പ്, ഫിഷറീസ് വകുപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അധികൃതരുടെയും നേതൃത്വത്തിൽ സംയുക്ത സർവ്വേ നടത്താൻ തീരുമാനിക്കുകയും ചെയ്തു. |
| (സി) | തരിശ് നിലങ്ങളിലും കായൽ പ്രദേശങ്ങളിലും അത്യുല്പ്പാദന ശേഷിയുള്ള വനാമി പോലുള്ള ചെമ്മീൻ കൃഷി വ്യാപകമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാനത്ത് വനാമി ചെമ്മീൻ കൃഷി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാരിന്റെ 25/02/23 ലെ G.O (Rt) No. 180/2023/F&P നമ്പർ ഉത്തരവ് പ്രകാരം Development of Vannamei Shrimp Farming എന്ന പദ്ധതിയ്ക്ക് 32 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായി വകയിരുത്തിക്കൊണ്ട് ഭരണാനുമതി നൽകിയിരുന്നു. അഡാക്ക് മുഖേന നടപ്പിലാക്കി വരുന്ന ടി പദ്ധതി കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലെ 500 ഹെക്ടർ വിസ്തൃതിയിലുള്ള ഫാമുകളിൽ കൃഷി നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. നിലവിൽ കണ്ണൂർ ജില്ലയിൽ 83.382 ഹെക്ടർ, എറണാകുളം ജില്ലയിൽ 33.72ഹെക്ടർ, കൊല്ലം ജില്ലയിൽ 13.33 ഹെക്ടർ വിസ്തൃതിയിൽ ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വനാമി ചെമ്മീൻ കൃഷി ചെയ്തു വരുന്നു. വരുന്ന വർഷങ്ങളിൽ ചെമ്മീൻകൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങൾ ഉള്ള |

| | | | |
|---|---|---|---|
| | | | മറ്റ് ജില്ലകളിലും വനാമിചെമ്മീൻ കൃഷി വ്യാപകമാക്കുവാൻ ലക്ഷ്യമിടുന്നു |
| (ഡി) | ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ് സംസ്കരണത്തിന് ആവശ്യമായ ചെമ്മീൻ കൊണ്ടുവരുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കയറ്റുമതിക്കുള്ള ചെമ്മീൻ സ്രോതസ്സ് രണ്ട് തരത്തിലാണ്. കടലിൽ നിന്ന് പിടിച്ചെടുക്കുന്നവ, കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്നവ. കടലിൽ നിന്നുള്ള ചെമ്മീൻ ലഭ്യതയ്ക്ക് കുറവുള്ളതുകൊണ്ട് കൃഷി ചെയ്യുന്ന ചെമ്മീൻ ഇനം ആണ് കൂടുതലായി കയറ്റുമതിയ്ക്ക് ഉപയോഗിക്കുന്നത്. വനാമി ചെമ്മീൻ സംസ്കരണത്തിനായി ഉപയോഗിക്കുന്ന ഒരു പ്രധാന ഇനമാണ്. ഇത് ഭൂരിഭാഗവും മത്സ്യകൃഷിയിലൂടെയാണ് ഉൽപ്പാദിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വനാമി ചെമ്മീനിന്റെ ഉൽപ്പാദനം കുറവായതുകൊണ്ട് തന്നെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് സംസ്കരണത്തിനാവശ്യമായ ചെമ്മീൻ സംസ്കരണശാലകൾ കൊണ്ടു വരുന്നത്. വനാമി ചെമ്മീനിന്റെ ഉൽപ്പാദനം കൂട്ടുന്നതിനും സംസ്കരണത്തിനാനാവശ്യമായ ചെമ്മീനിന്റെ കുറവ് പരിഹരിക്കുന്നതിനുമായി വനാമി ചെമ്മീൻ കൃഷിപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ